പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 135

# 2007-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ അൻപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2007 ഫെബ്രുവരി 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 17-ാം വകുപ്പിന്റെ ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (1986-ലെ 31) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 17-ാം വകുപ്പിൽ,—

(1) 1-ാം ഉപവകുപ്പിൽ,—

(എ) (iv)-ാം ഇനത്തിൽ ''ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി'' എന്ന വാക്കിനുശേഷം, ''അഥവാ അദ്ദേഹം നാമ നിർദ്ദേശം ചെയ്യുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ'', എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (v)-ാം ഇനത്തിൽ ''ചെയർമാൻ'' എന്ന വാക്കിനുപകരം ''വൈസ് ചെയർമാൻ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(സി) (viii)-ാം ഇനത്തിൽ "അഞ്ച്" എന്ന വാക്കിനുപകരം "ആറ്" എന്ന വാക്കും "പട്ടികവർഗ്ഗത്തിൽപ്പെട്ട ആളും" എന്ന വാക്കുകൾക്കുശേഷം "ഒരാൾ വനിതയും" എന്ന വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ് ;

(ഡി) (x)-ാം ഇനത്തിനുശേഷം, താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(xi) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതി നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(xii) ധനകാര്യ വകുപ്പ് സെക്രട്ടറി അഥവാ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ;

(xiii) വിവര സാങ്കേതിക മേഖലയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ;

(xiv) സർവ്വകലാശാല വിദ്യാർത്ഥി യൂണിയന്റെ ചെയർമാൻ.".

(2) (2)-ാം ഉപവകുപ്പിൽ,—

(എ) "(ix), (x)" എന്നീ വാക്കിനും അക്ഷരങ്ങൾക്കും ബ്രാക്കറ്റിനുംപകരം "(ix), (x), (xii), (xiii)" എന്നീ അക്ഷരങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ബി) നിലവിലുള്ള ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ഉൾപ്പെടുത്തേണ്ടതാണ്, അതായത്.-

3. 19-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 19-ാം വകുപ്പിലെ "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിലെ (iv)-ാംഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്,—

"(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിത".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസിലെ (2007-ലെ 46) 5-ാം വകുപ്പ് ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ അല്ലെങ്കിൽ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഓർഡിനൻസിലെ (2007-ലെ 2) 3-ാം വകുപ്പ്, സംസ്ഥാന സർക്കാരിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്നതിന് അധികാരം നൽകുന്നുണ്ട്. പ്രസ്തുത ഓർഡിനൻസിലെ 17-ാം വകുപ്പ്, (സി) ഖണ്ഡം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതിയിലെ ഒരംഗത്തെ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ സിൻഡിക്കേറ്റുകളിൽ നാമനിർദ്ദേശം ചെയ്യുന്നതിന് അധികാരം നൽകുന്നു. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതിയിലെ ഒരംഗത്തെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ സിൻഡിക്കേറ്റിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതിനായി 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

2. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, കേരള ഗവർണ്ണർ, 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2007 ഫെബ്രുവരി 4-ാം തീയതി വിളംബരപ്പെടുത്തുകയും, അത് 2007-ലെ 16-ാം നമ്പർ ഓർഡിനൻസായി 2007 ഫെബ്രുവരി 5-ാം തീയതിയിലെ 219-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

3. മേൽപ്പറഞ്ഞ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2007 മാർച്ച് 2-ാം തീയതി ആരംഭിച്ച് 2007 മാർച്ച് 29-ാം തീയതി അവസാനിച്ച പന്ത്രണ്ടാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ സാധിച്ചില്ല.

4. 2007-ലെ 16-ാം നമ്പർ ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2007 മാർച്ച് 30-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും, അത് 2007-ലെ 25-ാം നമ്പർ ഓർഡിനൻസായി 2007 ഏപ്രിൽ 2-ാം തീയതിയിലെ 630-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. മേൽപ്പറഞ്ഞ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പന്ത്രണ്ടാം നിയമസഭയുടെ 99-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും, 2007 ജൂൺ 19-ാം തീയതി ആരംഭിച്ച് 2007 ജൂലൈ 26-ാം തീയതി അവസാനിച്ച പന്ത്രണ്ടാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ സാധിച്ചില്ല.

6. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, കേരള ഗവർണ്ണർ, 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2007 ജൂലൈ 30-ാം

തീയതി വിളംബരപ്പെടുത്തുകയും, അത് 2007-ലെ 46-ാം നമ്പർ ഓർഡിനൻസായി 2007 ജൂലൈ 30-ാം തീയതിയിലെ 1406-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

7. 2007-ലെ 46-ാം നമ്പർ ഓർഡിനൻസിന്റെ 5-ാം വകുപ്പ് 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് വേണ്ടിയായതിനാലും പ്രസ്തുത ആക്റ്റ് മലയാളത്തിനായതിനാലും 2007-ലെ 46-ാം നമ്പർ 5-ാം വകുപ്പിലെ വ്യവസ്ഥകൾ നിലനിർത്താൻ വേണ്ടിയും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് സിൻഡിക്കേറ്റ് മീറ്റിംഗിൽ പങ്കെടുക്കുന്നത് അസൗകര്യമായതിനാൽ അദ്ദേഹത്തിന്റെ ഒരു നോമിനിയെകൂടി പകരമായി നിയമിക്കുന്നതിനും കേരള സംസ്ഥാനത്തെ ശാസ്ത്ര-സാങ്കേതിക ശാസ്ത്ര കമ്മിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രി ആയതിനാൽ സിൻഡിക്കേറ്റിൽ തൽസ്ഥാനത്ത് വൈസ് ചെയർമാനെ നിയമിക്കുന്നത് അഭികാമ്യമായതിനാലും സിൻഡിക്കേറ്റിലേക്ക് സെനറ്റിൽ നിന്നുമുള്ള അഞ്ച് അംഗങ്ങളിൽ വനിതാ അംഗം ഇല്ലാത്തതിനാൽ അംഗങ്ങളുടെ എണ്ണം ആറ് ആക്കി ഒരു വനിതാ അംഗത്തെ ഉൾപ്പെടുത്തുന്നതിനും ധനകാര്യ വകുപ്പിലെ സെക്രട്ടറിയോ അദ്ദേഹത്തിന്റെ ഒരു നോമിനിയെയോ, സർവ്വകലാശാല വിദ്യാർത്ഥി യൂണിയന്റെ ചെയർമാനേയും വിവരസാങ്കേതിക മേഖലയിൽ നിന്നും ഒരു വിദഗ്ദ്ധനേയുംകൂടി സിൻഡിക്കേറ്റിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടിയും 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഭേദഗതി ചെയ്യുന്നതിനായി സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

എം. എ. ബേബി

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് (1986-ലെ 31)-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

17. സിൻഡിക്കേറ്റ്.—(1) സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ ഭരണ നിർവ്വഹണ സമിതി ആയിരിക്കുന്നതും, അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(i) ** ** **

** ** **

(iv) സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ;

(v) കേരള സംസ്ഥാനത്തെ ശാസ്ത്ര-സാങ്കേതിക ശാസ്ത്ര കമ്മിറ്റിയുടെ ചെയർമാൻ ;

** ** ** **

(viii) സെനറ്റിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ- അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ആളും ഒരാൾ അദ്ധ്യാപകനും ആയിരിക്കേണ്ടതാണ് ;

** ** ** **

(x) കേരള നിയമസഭ സാമാജികരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടു പേർ.

** ** ** **

19. സെനറ്റ്.—സെനറ്റിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

** ** ** **

(iv) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ ആറ് ബിരുദധാരികൾ.